"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - പള്ളിവാസൽ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീമതി.സ്മിത മോൾ എം എൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ എ 1221/2023 നമ്പർ കേസിന്മേലുള്ള അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2506/2023/LSGD   തീയതി,തിരുവനന്തപുരം, 16-12-2023

---

പരാമർശം:-

1. ശ്രീമതി സ്മിതമോൾ എം എൻ സമർപ്പിച്ച 05.07.2023ലെ അപ്പീൽ അപേക്ഷ
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ എ 1221/2023 നമ്പർ കേസിന്മേലുള്ള 06.07.2023ലെ അന്തിമ ഉത്തരവ്
3. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ 05.09.2023ലെ LSGD/PD/46873/DEC5 നമ്പർ നടപടിക്രമം
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29.09.2023ലെ LSGD/PD/46766/2023-DEC1 നമ്പർ കത്ത്
5. 11.10.2023ന് ചേർന്ന അപ്പീൽ കമ്മിറ്റി യോഗത്തിന്റെ 7-ാം നമ്പർ തീരുമാനം

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 2023-ലെ പൊതുസ്ഥലം മാറ്റ ഉത്തരവ് പ്രകാരം, ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീമതി.സ്മിതമോൾ എം എൻ- നെ മൂന്നാർ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ചതിനെതിരെ ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ചിരുന്ന ഒ എ 1221/2023 നമ്പർ കേസിലെ പരാമർശം (2) പ്രകാരമുള്ള അന്തിമ ഉത്തരവിൽ ടിയാളുടെ ഭിന്നശേഷിക്കാരനായ മകന്റെ സംരക്ഷണാർത്ഥം ടിയാൾക്ക് ഉചിതമായ സ്ഥലംമാറ്റം അനുവദിക്കുന്നതിന് ഉത്തരവായിരുന്നു.

2. പള്ളിവാസൽ ഗ്രാമപഞ്ചായത്തിലെ താമസക്കാരിയാണെന്നും അപേക്ഷകയുടെ രണ്ട് കുട്ടികളും അസുഖബാധിതരാണെന്നും കുട്ടികളുടെ പരിചരണത്തിനായി ടിയാളുടെ സാന്നിദ്ധ്യം വീട്ടിൽ അനിവാര്യമാണെന്നും ആയതിനാൽ പള്ളിവാസൽ ഗ്രാമപഞ്ചായത്തിൽ തന്നെ നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (1) പ്രകാരം ശ്രീമതി.സ്മിതമോൾ.എം.എൻ സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു.

3. അപേക്ഷകയുടെ അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച് ടിയാൾ ഹർജിയിൽ ആവശ്യപ്പെട്ടിട്ടുള്ള പള്ളിവാസൽ ഗ്രാമപഞ്ചായത്തിലേക്ക് പരാമർശം (3) പ്രകാരം സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ളതാണെന്ന് പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. അപ്രകാരം ശ്രീമതി.സ്മിതമോൾഎം.എൻ-ന്റെ പരാതി പരിഹരിക്കപ്പെട്ടിട്ടുള്ളതിനാൽ പരാമർശം(1) അപ്പീൽ തീർപ്പാക്കുന്നതിന് പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട് .

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . പരാമർശം (4) പ്രകാരമുള്ള റിപ്പോർട്ടിന്റെയും

പരാമർശം (5) പ്രകാരമുള്ള ശിപാർശയുടേയും അടിസ്ഥാനത്തിൽ പള്ളിവാസൽ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീമതി.സ്മിതമോൾ മോൾ എം എൻ സമർപ്പിച്ച പരാമർശം (1) പ്രകാരമുള്ള അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

5. മേൽപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) പ്രകാരമുള്ള അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2..ശ്രീമതി.സ്മിതമോൾ എം എൻ , ക്ലർക്ക് , പള്ളിവാസൽ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.അഡ്വക്കേറ്റ് ജനറൽ , തിരുവനന്തപുരം(ആമുഖകത്ത് സഹിതം)
4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
5.ഡയറക്ടർ . ഐ കെ എം
86ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
7.കരുതൽ ഫയൽ (ഫയൽ നം.200/ഇപിഎ1/2023-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 16-12-2023 11:16:51